


# ലോഗോസ്

## Kerala Catholic Bible Society

Pastoral Orientation Centre
P.B. No. 2251, Palarivattom, Cochin-682025

**Bulletin, July 2015**

Vol.25, No.1

# രജത ജൂബിലി മുഖമൊഴി

ആഗോളസഭയിൽ തിരുവചനത്തിന്റെ വസന്തം വിരിയിച്ച രേഖയാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും വലിയ സംഭാവനകളിൽ ഒന്നായ 'ദൈവാവിഷ്കരണം' എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ. അതിന്റെ സുവർണ്ണജൂബിലി വർഷത്തിലാണു നാം. ബൈബിൾ അജപാലനം സഭാ പ്രവർത്തനങ്ങളിൽ ഒന്നു മാത്രമല്ല, സഭയുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും അടിത്തറ തന്നെയാണ് എന്ന 'ദേയീ വെർബു'മിന്റെ കാഴ്ചപ്പാട് ഉൾക്കൊണ്ട്, സഭയുടെ വിശുദ്ധ ഗ്രന്ഥാത്മക അജപാലനത്തെ പരിപോഷിപ്പിക്കാനും ഏകോപിപ്പിക്കാനുമായി 1968ൽ പോൾ ആറാമൻ പാപ്പയാണ് ഇന്നത്തെ കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്രഥമരൂപമായ ദ വേൾഡ് കാത്തലിക് ഫെഡറേഷൻ ഫോർ ബൈബിൾ അപ്പോസ്തലേറ്റ് സ്ഥാപിച്ചത്. 129 രാജ്യങ്ങളിലായി 300 ഓളം സ്ഥാപനങ്ങൾ അംഗങ്ങളായുള്ള സിബിഎഫ് അമ്പത്തെട്ടുകാരനായ മനില ആർച്ചുബിഷപ്പ് കർദ്ദിനാൾ ലൂയിസ് അന്തോണിയോ ടാഗ്ലെയുടെ ആർജ്ജവം നിറഞ്ഞ നേതൃത്വത്തിൻ കീഴിൽ ഊർജ്ജസ്വലമായ ഒരു കാലസന്ധിയിലേക്കു പ്രവേശിച്ചിരിക്കുകയാണ്.

കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിയിൽ സംബന്ധിച്ച് തിരിച്ചെത്തിയതേയുള്ളൂ ഞാൻ. ജൂൺ 18-23 തീയതികളിൽ ഇറ്റലിയിലെ നേമിയിൽ വച്ചു നടന്ന സമ്മേളനത്തിൽ 62 രാജ്യങ്ങളിൽ നിന്നായി പങ്കെടുത്ത 132 പ്രതിനിധികൾ യഥാർത്ഥത്തിൽ പ്രതിനിധീകരിച്ചത് ആഗോള കത്തോലിക്കാ സഭയുടെ സാന്ദ്രവും ബഹുവർണാഭവുമായ വചനോന്മുഖതയെയാണ്. സഭയുടെ തിരുവചനസമ്പന്നത നേരിട്ടറിഞ്ഞ നിമിഷങ്ങളായിരുന്നു അവ. സിബിഎഫ് സമ്മേളനാംഗങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് ഫ്രാൻസിസ് പാപ്പ പറഞ്ഞു: വചനത്തെ അടച്ചുപൂട്ടി കാവലിരുന്നു ദുർബലയായിപ്പോകുന്ന സഭയെക്കാൾ വചനത്തെ വാരിവിതറി പുറത്തേക്കു പോകുന്ന (cf. അപ്പ. 8:26-40) സഭയെയയാണ് ഞാൻ ഇഷ്ടപ്പെടുന്നത് .

കേരളസഭയുടെ വചനാഭിമുഖ്യം ലോകത്തിനു വെളിപ്പെടുത്താൻ ദൈവം തന്ന അവസരവുമായിരുന്നു അത്. നമ്മുടെ ലോഗോസ് ക്വിസും മറ്റു ബൈബിൾ ശുശ്രൂഷകളും വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമെത്തിയവരിൽ വലിയ മതിപ്പുളവാക്കി. സിബിഎഫിന്റെ എട്ടംഗ എക്സിക്യൂട്ടിവ് കമ്മിറ്റിയിലേക്കു മത്സരിക്കാൻ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പേരു നിർദ്ദേശിക്കപ്പെടുകയുണ്ടായി എന്നതു തന്നെ കേരളസഭയുടെ വചനശുശ്രൂഷകൾക്കു ലഭിച്ച ആദരമാണല്ലോ.

ആഗോളസഭ 'ദേയീ വെർബു'മിന്റെ സുവർണ ജൂബിലി ആഘോഷിക്കുമ്പോൾ കേരളസഭ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജത ജൂബിലി ആചരിക്കുകയാണ്. കൃപയുടെ 25 വർഷങ്ങൾ! ഈ ജൂബിലിവർഷ ബുള്ളറ്റിൻ നിങ്ങളുടെ കൈകളിലെത്തിക്കുന്നതിന് ഇതിന്റെ പണിപ്പുരയിൽ എന്നോടൊപ്പം അധ്വാനിച്ച റവ. സി. നിമ സി.ടി.സി., ശ്രീ. എ. എം. തോമസ് സാർ, ശ്രീമതി ടെറസിറ്റ ക്ലീറ്റസ്, ശ്രീ. മനു തോമസ്, ശ്രീമതി ലീനു കുര്യാക്കോസ്, ശ്രീമതി അനു മനു എന്നിവർക്ക് കൃതജ്ഞതാമലരുകൾ!

സ്നേഹത്തോടെ,

**റവ. ഡോ. ജോഷി മയ്യാറ്റിൽ**

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി.



# സൊസൈറ്റിയിൽ എങ്ങനെ അംഗത്വമെടുക്കാം?

ബൈബിൾ പ്രഘോഷണ പ്രചാരണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആർക്കും സൊസൈറ്റിയിൽ അംഗത്വമെടുക്കാം. മെമ്പർഷിപ്പ് ഫോറം പൂരിപ്പിച്ച് നിങ്ങളുടെ അംഗത്വഫീസ് M.O. / D.D ആയി സൊസൈറ്റിയിലേക്ക് നേരിട്ട് അയയ്ക്കുക. അല്ലെങ്കിൽ, നിങ്ങളുടെ നാട്ടിലെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്ന് ലഭിക്കുന്ന Mail Transfer Application പൂരിപ്പിച്ച് infavour of **Secretary, Kerala Catholic Bible Society, A/C. No. SB 750 South Indian Bank, Vennala Branch, Palarivattom** എന്നെഴുതി നിങ്ങളുടെ തുക ബാങ്കിൽ ഏല്പിക്കുക. ഈ വിവരം അറിയിച്ച് നിങ്ങളുടെ അഡ്രസ്സ് സഹിതം സൊസൈറ്റിയുടെ ഓഫീസിലേക്കും എഴുതുക.

## മെമ്പർഷിപ്പ് ഫീസ്

2002 ജൂൺ 22-ാം തീയതിയിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗ തീരുമാനമനുസരിച്ച് പുതുക്കിയ മെമ്പർഷിപ്പ് ഫീസ് (ഒരിക്കൽ മാത്രം നല്കിയാൽ മതി)

### അംഗത്വ രീതി

| | |
|---|---|
| ഓർഡിനറി | 500 |
| സ്പെഷ്യൽ | 1000 |
| ലൈഫ് | 2000 |
| സ്പെഷ്യൽ ലൈഫ് | 10000 |
| സ്പോൺസർ ലൈഫ് | 20000 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 |
| പാരിഷ് ഓർഡിനറി | 5000 |
| പാരിഷ് ലൈഫ് | 20000 |



## സുവിശേഷം പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

## കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ സജീവ പങ്കാളിയാകാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗമാകൂ!


**KERALA CATHOLIC BIBLE SOCIETY**

Pastoral Orientation Centre, P.B. No. 2251, Palarivattom

Cochin, Kerala, India - 682 025, Ph: 0484-2805897, 2805722

Tel: 0484-2805897

Email: secretary@keralabiblesociety.com


---

# ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്

- ബൈബിൾ പഠനത്തിൽ ആഴപ്പെടാൻ ഉടൻ ചേരൂ! പ്രായഭേദമന്യേ ആർക്കും എപ്പോഴും ചേരാം.
- വെറും 500 രൂപയ്ക്ക് 39 പുസ്തകങ്ങളടങ്ങുന്ന 5 യൂണിറ്റുകൾ തപാലിൽ ലഭിക്കുന്നു.
- അർഹരായവർക്ക് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:

**www.keralabiblesociety.com**

കത്തിടപാടുകൾക്ക്,

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ,

പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം – 682025